ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൻപ്രകാരം മുകളിൽപ്പറഞ്ഞ ജില്ലകളിലെ 5 പഞ്ചായത്തുകളിൽ പൈലറ്റു പ്രോജക്റ്റായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൈലറ്റു പഞ്ചായത്തുകളിൽ ആസൂത്രണ പ്രവർത്തനങ്ങൾക്കുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള ഘട്ടത്തിലാണ്. ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമായി തുടരുന്നു. (പ്രോജക്റ്റ് പൈലറ്റുകൾ മുണ്ടത്തിക്കോട്, എരിമയൂർ, നെടിയിരിപ്പ്, പൂക്കോട്ടൂർ, കുന്നുമ്മൽ എന്നീ പഞ്ചായത്തുകളിൽ).

(ഡി) ആകെ 89 മില്യൻ ഡോളർ (ഉദ്ദേശം 400 കോടി രൂപ) ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 65 മില്യൻ ഡോളർ (ഏകദേശം 300 കോടി രൂപ) ലോകബാങ്ക് വായ്പയായി ലഭിക്കുന്നതാണ്. ബാക്കി തുക സർക്കാരിന്റേയും പഞ്ചായത്തുകളുടേയും ഗുണഭോക്താക്കളുടേയും വിഹിതമായി സ്വരൂപിക്കേണ്ടതാണ്. ലോകബാങ്ക് സഹായമായി തുകയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. പ്രാരംഭ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഇതുവരെ 2.5 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) വനിതകൾക്ക് പുരുഷന്മാരോടൊപ്പം തുല്യപങ്കാളിത്തമുള്ള ഗുണഭോക്തൃ സമിതികളാണ് പദ്ധതി നടത്തുന്നത്. കൂടാതെ വനിതകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് വനിതകൾക്കു മാത്രമായി വൈദഗ്ദ്ധപോഷണത്തിനും, സ്വയംതൊഴിൽ പ്രവർത്തനങ്ങൾക്കും പദ്ധതിപ്രകാരം അവസരം ലഭ്യമാണ്.

വൈദ്യുതി നിരക്ക്

21(*50) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിൽ ഏറ്റവും കുറഞ്ഞ വൈദ്യുതി നിരക്ക് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ലക്ഷ്യം നേടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം രൂപം നൽകി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജലവൈദ്യുതിയുടെ ഉൽപാദനം കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ കുറഞ്ഞ വിലയ്ക്ക് വൈദ്യുതിവിതരണം ചെയ്യാനാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ബി) വൈദ്യുതി നിരക്ക് കുറഞ്ഞതലത്തിൽ, നിലനിർത്തുന്നതിന് താരതമ്യേന ചെലവ് കുറഞ്ഞ വൈദ്യുതി ഉൽപാദനനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദീർഘകാല നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഫലമായി കഴിയുന്നിടത്തോളം ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ട്. ഇപ്പോൾ തന്നെ മൊത്തം 107 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന ജലവൈദ്യുതി പദ്ധതികൾ പുനഃരുദ്ധരിക്കുന്നതിന്റെ ഭാഗമായി പന്നിയാർ, പള്ളിവാസൽ, ശെങ്കുളം ഇവയുടെ പുനഃരുദ്ധാരണ ജോലികൾ ആരംഭിച്ചിട്ടുണ്ട്. കുറ്റ്യാടി എക്സ്റ്റൻഷൻ 50 മെഗാവാട്ട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം മിക്കവാറും പൂർത്തിയായിട്ടുണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്) പദ്ധതിയുടെ നിർമ്മാണവും കാലതാമസം കൂടാതെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ നിരക്കാണ് കുറവ്. മറ്റു സംസ്ഥാനങ്ങളിലെ നിരക്കു വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം രൂപം നൽകി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നും 599.5 മെഗാവാട്ട് സ്ഥാപിതശേഷി പ്രകാരം വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് കഴിയുന്നുണ്ട്.

(ഇ) ജലവൈദ്യുതിയുടെ ഉൽപാദനം കുറഞ്ഞു വരുന്നില്ല. പുതിയതായി കമ്മീഷൻ ചെയ്ത പദ്ധതികൾ വഴി ഉൽപാദനം കൂടിയിട്ടേയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം 251 മെഗാ വാട്ടിന്റെ ജല വൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കുന്നതിന് താപവൈദ്യുതി നിലയങ്ങളിലെ വൈദ്യുതിയെകൂടി ആശ്രയിക്കേണ്ടി വന്നു. താപവൈദ്യുതനിലയങ്ങൾ ഉൽപ്പാദന ചെലവേറിയ വയാണെങ്കിലും വേഗത്തിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നുള്ളതു കൊണ്ട് അവ സംസ്ഥാനത്ത് സ്ഥാപിച്ചതും, അതുവഴി വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സാധിച്ചതും കൂടുതൽ താപവൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly

നിലയങ്ങൾ സ്ഥാപിച്ചതുവഴി വൈദ്യുതി ഉത്പാദന ചെലവിൽ കാര്യമായ വർദ്ധനവ് വന്നിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ ഊർജ്ജാവശ്യകത കണക്കിലെടുത്ത് 1000 മെഗാവാട്ട് വരുന്ന വൻകിട ചെറുകിട ജലവൈദ്യുതി പദ്ധതികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾക്കാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകി വരുന്നത്. വില കുറഞ്ഞ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരീക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ വൈദ്യുതി നയം

22(*51) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിന്റെ പുതിയ വൈദ്യുതി നയം വൈദ്യുതി ബോർഡുകളുടെ നിലനിൽപിനെ പ്രതികൂലമായി ബാധിക്കുകയും സ്വകാര്യ-വൽക്കരണത്തെ സഹായിക്കുകയും ചെയ്യുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണോ ;

(സി) ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്ക് നിശ്ചയിക്കണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ വൈദ്യുതി ബിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പുതിയ ബിൽ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ ;

(എഫ്) ഈ ബിൽ ഉപഭോക്തൃവിരുദ്ധവും സംസ്ഥാന താൽപ്പര്യത്തിനെതിരുമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഈ ബില്ലിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) കേന്ദ്ര ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ എടുക്കുന്ന തീരുമാനങ്ങൾ കേന്ദ്ര വൈദ്യുതി നിലയങ്ങൾക്കും അന്തർ സംസ്ഥാന പ്രസരണത്തിലേർപ്പെടുന്ന ഏജൻസികൾക്കും ബാധകമാണ്. കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly